**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1850** **02-02-2024 - ൽ മറുപടിയ്ക്ക്**

**കന്നുകാലികളിലെ ചർമ്മമുഴ രോഗം പ്രതിരോധിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഒ . ആർ. കേളു** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | വയനാട് ജില്ലയിൽ കന്നുകാലികളിൽ ചർമ്മമുഴ രോഗം സ്ഥിരീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പ്രതിരോധിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | ഉണ്ട്.<br><br>രോഗം പ്രതിരോധിക്കുന്നതിനായി കാർപെറ്റ് വാക്സിനേഷൻ, കണ്ടെയ്ൻമെന്റ് വാക്സിനേഷൻ തുടങ്ങിയ വാക്സിനേഷൻ രീതികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>രോഗബാധിത പ്രദേശത്തു നിന്നും മറ്റു കന്നുകാലികളിലേക്കു രോഗപടർച്ച ഉണ്ടാകുന്നത് തടയാനായി പ്രഭവ കേന്ദ്രത്തിന്റെ ഒരു കിലോമീറ്റർ വിട്ടുള്ള പ്രദേശങ്ങളിലുള്ള കന്നുകാലികൾക്ക് കണ്ടെയ്ൻമെന്റ് വാക്സിനേഷൻ നൽകുന്നു. ചർമ്മ മുഴ രോഗം പ്രതിരോധിക്കുന്നതിനായി നാലുമാസത്തിന് മുകളിലുള്ള എല്ലാ ഉരുക്കൾക്കും ക്യാമ്പയിൻ മോഡിൽ കാർപെറ്റ് വാക്സിനേഷൻ നൽകിവരുന്നു. പ്രതിരോധ ശക്തി നിലനിർത്തുന്നതിന് ഈ വാക്സിനേഷൻ ഓരോ വർഷവും ആവർത്തിച്ച് നൽകുന്നു. ഇത് വരെ വയനാട് ജില്ലയിൽ 65,433 ഉരുക്കൾക്കു വാക്സിനേഷൻ നൽകി കഴിഞ്ഞിട്ടുണ്ട് (57,433 കാർപെറ്റ് വാക്സിനേഷൻ & 8,000 കണ്ടെയ്ൻമെന്റ് വാക്സിനേഷൻ). കൂടാതെ അസുഖം ബാധിച്ച ഉരുക്കളെ മറ്റു ഉരുക്കളുമായി സമ്പർക്കം വരാതെ നോക്കുക, കന്നുകാലികളുടെ കൈമാറ്റവും സഞ്ചാരവും നിയന്ത്രിക്കുക, തൊഴുത്തും പരിസരവും വൃത്തിയായി സൂക്ഷിക്കുക, ബാഹ്യപരാദങ്ങളുടെ നിയന്ത്രണം, മറ്റു ജൈവ സുരക്ഷാ സംവിധാനങ്ങൾ പാലിക്കുക തുടങ്ങിയവയെക്കുറിച്ചു കർഷകർക്ക് അവബോധം നൽകുക എന്നീ നടപടികൾ പ്രതിരോധത്തിനായി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | വയനാട് ജില്ലയിൽ എവിടെയെങ്കിലും ഈ അസുഖം ബാധിച്ച് കന്നുകാലികൾ ചത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്നുള്ള കണക്ക് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; | (ബി) | **വയനാട് ജില്ലയിൽ ചർമ്മമുഴ ബാധിച്ച് ആകെ 8 കന്നുകാലികൾ ചത്തിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.**<br><br>**പൂതാടി -2** |

| | | | |
|---|---|---|---|
| | | | **കാട്ടിമൂല -1**<br><br>**കാർട്ടികുളം -1**<br><br>**വരദൂർ -1**<br><br>**വെള്ളമുണ്ട -1**<br><br>**തൊണ്ടർനാട് -2** |
| (സി) | ഈ അസുഖത്തിനുള്ള മരുന്നുകൾ എല്ലാ സർക്കാർ മൃഗാശുപത്രികളിലും ലഭ്യമാണോ എന്ന് അറിയിക്കാമോ? | (സി) | ഈ അസുഖത്തതിനുള്ള വാക്സിൻ എല്ലാ മൃഗാശുപത്രികളിലും ലഭ്യമാണ് |

സെക്ഷൻ ഓഫീസർ